3. സ്കിയോ ഫ്രീനിയ രോഗബാധിതരിൽ 51% പേർ അലോപ്പതിക് ചികിത്സ സ്വകാര്യചികിത്സയിൽ നിന്നും 19% പേർ ഗവൺമെന്റ് അലോപ്പതിക് സ്ഥാപനങ്ങളിൽ നിന്നും 17% പേർ ആയുർവ്വേദ ചികിത്സയും സ്വീകരിക്കുന്നവരും 6 പേർ പ്രാർത്ഥനയും നടത്തുന്നവരും, 9.7% പേർ ഒരു ചികിത്സയും നടത്താത്തവരാണെന്നും തെളിഞ്ഞിട്ടുണ്ട്.

(ജി) മാനസികാരോഗ്യനയത്തിന് അനുസൃതമായി വിദഗ്ദ്ധ നിർദ്ദേശങ്ങൾ സാമ്പത്തികലഭ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുകയും മറ്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

156 (1760) രോഗനിർണ്ണയത്തിന് ആവശ്യമായ ഉപകരണങ്ങൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ.ആർ. ഗൗരിയമ്മ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ രോഗ നിർണ്ണയത്തിന് ആവശ്യമായ ഉപകരണങ്ങൾ ഏതെല്ലാം വിഭാഗങ്ങളിലാണ് ലഭ്യമാക്കിയിരിക്കുന്നത്;

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇനി ഏതെല്ലാം വകുപ്പുകളിൽ എന്തെല്ലാം ഉപകരണങ്ങളാണ് ലഭ്യമാക്കാനുള്ളത്;

(സി) ഇത് എന്നത്തേക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ലാബുകളിൽ എല്ലാതരത്തിലുമുള്ള രക്ത പരിശോധനകളും നടത്താനുള്ള സൗകര്യം നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ വിവിധ വിഭാഗങ്ങളിൽ രോഗ നിർണ്ണയത്തിനും ചികിത്സക്കും ആവശ്യമായ ഉപകരണങ്ങൾ അതത് വിഭാഗങ്ങളിൽ ലഭ്യമാണ്. ആവശ്യാനുസരണം കൂടുതൽ ഉപകരണങ്ങൾ ധനലഭ്യതയ്ക്ക് വിധേയമായി ലഭ്യമാക്കുന്നതുമാണ്.

(ഡി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ വിവിധ തരത്തിലുള്ള രക്തപരിശോധനകൾ നടത്തി വരുന്നു. റ്റി.സി, ഡി.സി, ഇ.എസ്.ആർ, എച്ച്. ബി, ബ്ലീഡിംഗ് ടൈം, ക്ലോട്ടിംഗ് ടൈം, എച്ച്.ബി.എസ്, എ.ജി, വി.ഡി.ആർ, എൽ, ബ്ലഡ് ഷുഗർ, യൂറിയ, സോഡിയം, പൊട്ടാസ്യം, ലിവർ ഫംഗ്ഷൻ ടെസ്റ്റ് ക്രിയേറ്റിൻ, കൾച്ചർ, സെൻസിറ്റിവിറ്റി, വൈഡാൾ, എച്ച്.ഐ.വി. ടെസ്റ്റ് എന്നീ ടെസ്റ്റുകൾ നടത്തുന്നുണ്ട്. കംപ്ലീറ്റ് ആട്ടോമേഷൻ ഇൻ ബയോകെമിസ്ട്രി ആന്റ് കൊയാഗുലേഷൻ ടെസ്റ്റ് എന്നിവ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly